# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.321      28.05.2019 - ൽ മറുപടിക്ക്

**<u>ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കൽ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.വിജയൻ പിള്ള** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ലെപ്രസി-ജനറൽ ഹെൽത്ത് സംയോജനത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറുടെ സൂപ്പർ ന്യൂമററി തസ്തിക ലെപ്രസി വിഭാഗം ജീവനക്കാരുടെ റിട്ടയർമെന്റിന് ശേഷം ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ ലെപ്രസി ഇൻസ്പെക്ടർ എന്ന പേരിൽ എൻടി കേഡറിൽ തസ്തിക സൃഷ്ടിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യുന്നതിന്റെ തോത് ഗണ്യമായി കുറഞ്ഞപ്പോൾ കുഷ്ഠരോഗ നിർമ്മാർജ്ജന വിഭാഗത്തെ പൊതുജനാരോഗ്യ വിഭാഗവുമായി ലയിപ്പിക്കുകയും കുഷ്ഠരോഗ നിർമ്മാർജ്ജന വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സൂപ്പർ ന്യൂമററിയായി ആരോഗ്യ വകുപ്പിൽ നിലനിർത്തുകയും ടി ജീവനക്കാർ സേവനത്തിൽ നിന്നും വിരമിക്കുമ്പോൾ ടി തസ്തിക ഇല്ലാതാകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. ആയതിനാൽ ലെപ്രസി വിഭാഗം ജീവനക്കാരുടെ റിട്ടയർമെന്റിനു ശേഷം ടി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി കണക്കാക്കാൻ കഴിയില്ല.<br><br>അപ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ലാതാകുന്ന പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇപ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ലാതാകുന്ന പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | | |

Milan

സെക്ഷൻ ഓഫീസർ